വൈദ്യുതി വിതരണം പൂർണ്ണമായും ആധുനീകരിച്ച് പ്രസരണ വിതരണ വാണിജ്യ നഷ്ടം 15%-ത്തിൽ താഴെയാക്കി ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (RAPDRP). ഈ പദ്ധതി കേരളത്തിലെ 43 പട്ടണങ്ങളിൽ നടപ്പിലാക്കി വരുന്നു.

കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി-വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണം

20 (*350) ശ്രീ. എ. കെ. ബാലൻ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രവൈദ്യുതി നിയമ ഭേദഗതി സംസ്ഥാനത്തെ വൈദ്യുതി മേഖലയെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വൈദ്യുതി മേഖലയെ ശിഥിലമാക്കി സ്വകാര്യവൽക്കരിക്കുന്നതിന് സാഹചര്യമൊരുക്കലും വൈദ്യുതി നിയമഭേദഗതിയുടെ ഉദ്ദേശമായിരുന്നുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉൽപാദന-പ്രസരണ-വിതരണ രംഗത്തെ കേന്ദ്രസർക്കാരിന്റെ എന്തെല്ലാം നിലപാടുകളോടാണ് വിയോജിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ നിയമഭേദഗതി നിർദ്ദേശം സംബന്ധിച്ച് കേന്ദ്രം സംസ്ഥാനത്തോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; സംസ്ഥാന സർക്കാർ നൽകിയ മറുപടി വെളിപ്പെടുത്താമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-ഡി) 2003-ൽ പുറപ്പെടുവിച്ച കേന്ദ്ര വൈദ്യുതി നിയമം, 2007-ന് ശേഷം നാളിതുവരെ ഭേദഗതി ചെയ്തിട്ടില്ല. എന്നാൽ 2013 ഒക്ടോബർ 17-ന് വൈദ്യുതിനിയമം ഭേദഗതി ചെയ്യുന്നതിനുള്ള കരട് നിർദേശം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദേശങ്ങളിന്മേലുള്ള അഭിപ്രായം സംസ്ഥാന ഗവൺമെന്റുകളോടും വൈദ്യുതി ഉത്പാദകരോടും പ്രസരണ യൂട്ടിലിറ്റികളോടും വിതരണ കമ്പനിക്കാരോടും ആരാഞ്ഞിട്ടുണ്ട്. കരട് വിജ്ഞാപനത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. വൈദ്യുതി എത്തിക്കുന്നതിന് പ്രത്യേക സപ്ലൈ ലൈസൻസ് ഏർപ്പെടുത്തുന്നതിന് നിഷ്കർഷിക്കുന്നു. കൂടാതെ നിലവിലുള്ള ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ഉത്തരവാദിത്വം വൈദ്യുതി കടത്തിവിടുന്നതിനു വേണ്ടി വരുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം ഉണ്ടാക്കുന്നത് മാത്രമായി ചുരുക്കിയിരിക്കുന്നു.

2. കേന്ദ്രഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉത്പാദകർ, മറ്റ് എല്ലാ ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

3. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് അപ്പലേറ്റ് ട്രൈബ്യൂണൽ ഓഫ് ഇലക്ട്രിസിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

4. സംസ്ഥാന ഗവൺമെന്റുകൾ സമയബന്ധിതമായി ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിലെ ചെയർമാൻ, മെമ്പർമാർ എന്നീ ഒഴിവുകൾ നികത്താത്ത പക്ഷം, ടി ഒഴിവ് നികത്തുന്നതിന് ഓരോ ഒഴിവിലേക്ക് രണ്ടുപേരുടെ പാനൽ നിർദ്ദേശിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന് അധികാരമുള്ളതാണ്. ടി പാനലിൽ നിന്ന് ഒരാളെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലേക്ക് നിയമിക്കാവുന്നതാണ്.

ടി കരട് വിജ്ഞാപനത്തിന്മേലുള്ള കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഒരു പകർപ്പ് അനുബന്ധമായി* വച്ചിട്ടുണ്ട്.

വൈദ്യുതി വിഹിതം സംബന്ധിച്ച് കേന്ദ്ര റെഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ സ്ഥിതി

21(*351) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് അർഹിക്കുന്ന വൈദ്യുതി വിഹിതം നിഷേധിക്കുന്നത് സംബന്ധിച്ച് കേന്ദ്ര റെഗുലേറ്ററി കമ്മീഷന് മുന്നിലുള്ള കേസ്സിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly